**പ്രസ്താവന**

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സഭയിൽ മുഖ്യമന്ത്രിയില്ല, പകരം വ്യവസായ വകുപ്പുമന്ത്രിയുണ്ട്. ഇന്ന് സംഭ്രമജനകമായ നിലയിൽ ഒരു വാർത്ത കോഴിക്കോട് ജില്ലാ സി.പി.ഐ.(എം) സെക്രട്ടറിയുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ഇതിന്റെ പിന്നിൽ ഇസ്ലാമിക് തീവ്രവാദമാണെന്നും അവരാണ് മാവോയിസ്റ്റുകളെ സഹായിക്കുന്നതെന്നുമൊക്കെയുള്ള വാർത്തകളാണ് വരുന്നത്. ഇങ്ങനെയുള്ള കാര്യങ്ങൾ ഉന്നയിക്കുന്നത് ശരിയായ നടപടിയാണോ; അങ്ങനെയൊരു ഇസ്ലാമിക് തീവ്രവാദം കേരളത്തിലുണ്ടോ; അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇസ്ലാമിക് തീവ്രവാദം കേരളത്തിൽ സജീവമാണ് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സഭയിലും ജനങ്ങൾക്കും അറിയാനുള്ള അവകാശമുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. ടെററിസത്തെ ടെററിസമായി കാണണം. അതിനെ മതവുമായി കൂട്ടിയിണക്കി ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ പ്രസ്താവന നൽകുന്നത് ശരിയല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, മേൽ വിഷയം പൊതുയോഗങ്ങളിൽ രാഷ്ട്രീയ നേതാക്കൾ പ്രസംഗിക്കുന്നതാണ്. ആ പ്രസംഗിക്കുന്ന കാര്യങ്ങളെല്ലാം സഭയിൽ ഉന്നയിച്ച് ചർച്ച ചെയ്യുന്ന കീഴ്വഴക്കം ഈ സഭയ്ക്കില്ല. പുറത്ത് പ്രസംഗിച്ചിട്ടുള്ള ഒരു പ്രസംഗമായി അതിനെ കണക്കാക്കി നിലപാട് സ്വീകരിക്കുന്നതായിരിക്കും ഉചിതം.